എഡിറ്ററുടെ കുറിപ്പുകൾ

# ആത്മീയഭാവങ്ങളുടെ ഉറവ

## ഫാ. അലക്സാണ്ടർ പൈകട സി.എം.ഐ.

(ചീഫ് എഡിറ്റർ, *ദീപിക*)

**വാ**ഴ്ത്തപ്പെട്ട ചാവറയച്ചൻ കാലത്തിലേക്കൊഴുകിയ ആത്മീയ ദർശനങ്ങളുടെ ഉറവയാണ്. *ചാവറയച്ചൻ* എന്ന ആ ഉറവയിൽ നിന്നുണർന്നൊഴുകിയ നദികൾ സാമൂഹ്യമണ്ഡലത്തിലും സാംസ്കാരിക മണ്ഡലത്തിലും ഇവിടെ ഒഴുകിപ്പടർന്നു പ്രസരിച്ചതിനു ചരിത്രം സാക്ഷ്യം.

സമൂഹമനസ്സിന്റെ ഭിത്തിയിൽ അസമത്വങ്ങളുടെ കരിമഷികൊണ്ടു കോറിയ മാനവികതയുടെ വൈരൂപ്യങ്ങളെയാണ് ചാവറയച്ചൻ എന്ന ആത്മീയജലപ്രവാഹം ശുചിയാക്കി സ്ഫുടം ചെയ്തെടുത്തത്. ആ വിശുദ്ധ യജ്ഞത്തിലൂടെ ചാവറയച്ചൻ മനുഷ്യത്വത്തിന്റെ സചേതനമായ അഴകായി കാലത്തിന്റെ താളിൽ ഉൾച്ചേർന്നു.

ചാവറയച്ചൻ കാലത്തിലേക്കു പെയ്തു മായുന്ന സാങ്കല്പികമായ കാനൽജലമായിരുന്നില്ല. ദൈവാംശം ഘനീഭവിച്ച തിരുവചനത്തിന്റെ വെൺമുകിലുകൾ നരജന്മത്തിന് വരമഴയായിപ്പകർന്നതിന്റെ ദൃശ്യസാക്ഷ്യമായിരുന്നു പുണ്യശ്ലോകനായ ചാവറയച്ചൻ. ആ വിശുദ്ധി ഇപ്പോഴും അനുഗ്രഹമായി പെയ്തുകൊണ്ടേയിരിക്കുന്നു; ആ ദർശനമാവട്ടെ സദാ ഒഴുകിപ്പരക്കുകയും ചെയ്യുന്നു.

വരണ്ട മനസ്സിലെ വന്മരച്ചോട്ടിൽ ഉള്ളുവെന്തു പിടയുന്ന വേരുകൾക്കാണ് തങ്ങളെ തഴുകിപ്പുണരുന്ന പുഴകളോടു സ്നേഹം... വാനവിതാനത്തിൽ വിരിഞ്ഞു വിലസി നിൽക്കുന്ന ശിഖരങ്ങൾക്കും ചില്ലകൾക്കും തായ്‌വേരിനു ജീവൻ പകരുന്ന സ്നേഹനദികളോട് ഹൃദയബന്ധമില്ല... അതുകൊണ്ടുതന്നെ മരം വളർന്നു കഴിയുമ്പോൾ തങ്ങളുടെ ചുവടുകളിൽ ജീവനേകിയ നദികളുടെ ഉറവിടം തിരയാൻ ശിഖരങ്ങൾക്കു നേരമില്ല. തായ്‌വേരുകളിൽ ജീവന്റെ നനവുപകർന്ന ജലസ്രോതസ്സിനെപ്പറ്റി ആ ശിഖരങ്ങൾക്കുള്ള ഓർമ്മപ്പെടുത്തലാണ് *സുകൃതം സ്മര* എന്ന ഗ്രന്ഥപരമ്പരയും അതിലെ രണ്ടാം ഗ്രന്ഥമായ *കാലം നമിക്കുന്ന കർമ്മയോഗി* എന്ന സമാഹാരവും.

കേരളത്തിന്റെ പൊതുസമൂഹവും കേരളത്തിലെ കത്തോലിക്കാ സമൂഹവും അടിവേരു വെന്തു വളർച്ചയിൽ വിളർച്ച ബാധിച്ച കാലത്ത്, ആത്മീയസമത്വവും അക്ഷരസമത്വവും സ്വത്വാവിഷ്കാരത്തിന്റെ ഭൂമികയാക്കി ഒഴുകിപ്പടർന്ന സ്നേഹനദിയാണ് ചാവറയച്ചൻ. ചാവറയച്ചനിൽ നിന്ന് ജീവൻ സ്വീകരിച്ചു വളർന്ന സമൂഹവൃക്ഷത്തിലെയും സഭാവൃക്ഷത്തിലെയും ശിഖരങ്ങൾക്കും ചില്ലകൾക്കും ആ ധന്യസാന്നിധ്യത്തിന്റെ ജൈവോർജ്ജം പങ്കുവയ്ക്കുക എന്ന ശ്രേഷ്ഠമായ യജ്ഞമാണ്, *ബേസ്റൗമ* പ്രകാശനധാര.

*ദീപിക*യിലും അനുബന്ധ പ്രസിദ്ധീകരണങ്ങളിലും പലപ്പോഴായി പ്രസിദ്ധപ്പെടുത്തിയ പ്രണാമ ലിഖിതങ്ങളാണ് ഈ സമാഹാരത്തിൽ മുഖ്യമായും. അതല്ലാതെയുള്ള ശ്രേഷ്ഠലേഖനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *ബേസ്റൗമ*യുടെ ഈ വിശിഷ്ട പ്രസാധനം ചാവറയച്ചന്റെ വിശുദ്ധ വ്യക്തിത്വത്തിന്റെ ബഹുമുഖദർശനത്തിന് അനുവാചകർക്കു ഭൂമികയൊരുക്കുന്നു എന്നത് ആഹ്ലാദകരവും ചാരിതാർത്ഥ്യജനകവുമാണ്. അഭിവാദനങ്ങൾ!

■